# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3472 23.06.2014-ൽ മറുപടിയ്ക്ക്**

**ലോക്കപ്പ് മർദ്ദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിൽ ലോക്കപ്പ് മർദ്ദനം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ച എത്ര പരാതി ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) & (ബി)<br>സംസ്ഥാനത്ത് ലോക്കപ്പ് മർദ്ദനം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ച് 2 പരാതികൾ ലഭിച്ചിട്ടുണ്ട്. (തിരുവനന്തപുരം റൂറൽ - 1, ആലപ്പുഴ - 1) |
| സി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് എത്രപേർ ഈ സർക്കാർ വന്ന ശേഷം നാളിതുവരെ മരണപ്പെട്ടു ; അവർ ആരൊക്കെ ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ആരും മരണപ്പെട്ടിട്ടില്ല. |
| ഡി) ഈ കാലയളവിനുള്ളിൽ 18 വയസ്സിന് താഴെയുള്ള എത്ര കുട്ടികളെ ലോക്കപ്പ് മർദ്ദനത്തിന് വിധേയമാക്കി ; ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ ; വ്യക്തമാക്കുമോ ; | (ഡി) ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ 18 വയസ്സിന് താഴെയുള്ള കുട്ടിയെ ലോക്കപ്പ് മർദ്ദനത്തിന് വിധേയമാക്കിയതായി പരാതി ഉണ്ടായിട്ടുണ്ട്. |
| ഇ) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളിന്മേൽ എത്ര പോലീസുകാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് ഈ കാലയളവിനുള്ളിൽ എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ; വ്യക്തമാക്കുമോ ; | (ഇ) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളിന്മേൽ 5 പോലീസുദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ കാലയളവിനുള്ളിൽ രണ്ട് പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 1. ഗ്രേഡ് എസ്. ഐ. കൃഷ്ണകുമാർ, 2. വനിതാ സി.പി.ഒ. ജസീന്ത (രണ്ടുപേരും ആലപ്പുഴ ജില്ല.) |
| എഫ്) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് മരണപ്പെട്ട കുടുംബത്തിന് ഈ കാലയളവിനുള്ളിൽ എന്ത് തുകയുടെ സാമ്പത്തിക സഹായം അനുവദിച്ചു ; ഏതൊക്കെ കുടുംബങ്ങൾക്ക് എത്ര തുക വീതം; വ്യക്തമാക്കുമോ ; | എഫ്) ബാധകമല്ല. |

| | | | |
|---|---|---|---|
| ജി) | ലോക്കപ്പ് മർദ്ദനം ഒഴിവാക്കുന്നതിനും ഇതിലേർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ജി) | ലോക്കപ്പ് മർദ്ദനം ഗുരുതര കുറ്റകൃത്യമായി പരിഗണിക്കുമെന്നും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഇത്തരം പ്രവർത്തനങ്ങൾ പോലീസിന്റെ അന്തസ്സിന് കോട്ടം തട്ടുമെന്നും അറിയിച്ചുകൊണ്ട് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ